(17) കൊങ്കൺ പാത വഴി പൂന-എറണാകുളം ട്രെയിൻ സർവ്വീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കേരളത്തിന് പുറത്ത് മലയാളികൾ ഏറ്റവും കൂടുതലുള്ള സ്ഥലങ്ങളിൽ ഒന്നാണ് മഹാരാഷ്ട്രയിലെ പൂന ജില്ല. ലക്ഷക്കണക്കിന് മലയാളികൾ അവിടെയുണ്ട്. ഈ മലയാളികളിൽ ആയിരക്കണക്കിന് ആളുകൾ കേരളത്തിൽ വന്നുപോകുന്നവരാണ്. എന്നാൽ അവർക്ക് കേരളത്തിൽ വരാൻ ഇപ്പോൾ സൗകര്യം തീരെ കുറവാണെന്നതാണ് വസ്തുത. ബോംബെയിൽ നിന്ന് വരാനാണ് അവർക്കുള്ള ഏക സൗകര്യം. പൂനയിൽ വേണ്ടത്ര യാത്രാസൗകര്യം ഇല്ലാത്തതുകൊണ്ട് മലയാളികൾ കേരളത്തിൽ വന്ന് പോകാൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ടി കഴിഞ്ഞ കുറെ കാലമായി പൂനയിലെ മലയാളികളും സംഘടനകളും നിരന്തരമായി സമരത്തിലാണ്. കഴിഞ്ഞ റെയിൽവേ ബഡ്ജറ്റിൽ കേന്ദ്രഗവൺമെന്റ് പൂനയിൽ നിന്നും തീവണ്ടി സർവ്വീസ് ആരംഭിക്കാമെന്ന് ഉറപ്പ് കൊടുത്തിരുന്നുവെങ്കിലും അത് പാലിച്ചില്ല. അവിടെയുള്ള മലയാളികളുടെ ഇപ്പോഴത്തെ ആവശ്യം പൂനയിൽ നിന്നും എറണാകുളം വരെ ബന്ധപ്പെട്ടുകൊണ്ട് കൊങ്കൺ വഴി എളുപ്പത്തിൽ കേരളത്തിൽ എത്താൻ കഴിയുന്ന തീവണ്ടി സർവ്വീസ് ആരംഭിക്കണമെന്നു തന്നെയാണ്. ഈ കാര്യം ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ആഴ്ചയിൽ പൂനയിലെ മലായാളി സംഘടനകളുടെ നേതൃത്വത്തിൽ വലിയ സമരം പൂനൈ റയിൽവേ സ്റ്റേഷനിൽ നടക്കുകയുണ്ടായി. അത് പരിഗണിച്ചുകൊണ്ട് കേരള ഗവൺമെന്റ് അടിയന്തിരമായി ഇക്കാര്യം കേന്ദ്ര റയിൽവേമന്ത്രിയുടേയും റെയിൽവേ മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തി മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, 1999-2000-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പൂന-എറണാകുളം ട്രെയിൻ സർവ്വീസ് ഇതുവരെ ആരംഭിച്ചിട്ടില്ല. അതിനാൽ കൊങ്കൺ റയിൽവേ വഴി പൂന-എറണാകുളം സർവ്വീസ് ഉടനെ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് വീണ്ടും അഭ്യർത്ഥന നടത്തിയിട്ടുണ്ട്.

(18) കേന്ദ്രഗവൺമെന്റിന്റെ നികുതി ക്രമം കേരളത്തിലെ കൈത്തറി, കയർ വ്യവസായ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, വിൽപ്പന നികുതി ഏകീകരിക്കാൻ കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നടപടി സംസ്ഥാനങ്ങളിൽ പ്രാവർത്തികമാക്കിയപ്പോൾ ഉണ്ടായ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉദ്ദേശിക്കുന്നത്. കേന്ദ്ര നിർദ്ദേശത്തെ പല സംസ്ഥാനങ്ങളും തള്ളിക്കളഞ്ഞിട്ടുണ്ട്. നെയ്ത്തുകാർക്ക് ആവശ്യമായ നൂൽ ഉൽപ്പാദിപ്പിക്കുന്ന കൊല്ലത്തെ സ്പിന്നിംഗ്മിൽ ഉൾപ്പെടെ ടാക്സ് റിവിഷൻ ഏർപ്പെടുത്തിയശേഷം ബുദ്ധിമുട്ട് നേരിടുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ മില്ലുകൾക്ക് 2% ടാക്സാണ് ഈടാക്കിയിരുന്നത് ഇപ്പോൾ അത് സീറോ പോയിന്റ് കഴിഞ്ഞാൽ അടുത്ത സ്ലാബ് 4% ആണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

2 ശതമാനത്തിൽ നിന്നും 4% നികുതിയാണ് വർദ്ധിപ്പിച്ചത്. അത് മില്ലുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നു മാത്രമല്ല അവിടെനിന്നും നൂല് വാങ്ങി വിൽക്കുന്ന വ്യാപാരികൾക്കും വ്യാപാരികളിൽ നിന്നും നൂൽ വാങ്ങുന്ന നെയ്ത്തുകാർക്കും പ്രയാസമാണ്. നൂൽ വ്യാപാരികൾ നെയ്ത്തുകാർക്ക് നൂൽ വിൽക്കുമ്പോൾ അവർ ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകളും നെയ്ത്തുകാരെ ബുദ്ധിമുട്ടിക്കുകയാണ്. തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾ നൂലിനുള്ള ടാക്സ് എടുത്തു കളഞ്ഞിട്ടുണ്ട്. കേരളത്തിലും സീറോ ടാക്സായി പുനർനിർണ്ണയം നടത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. നെയ്ത്ത് തൊഴിലാളികൾ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ സാഹചര്യത്തിൽ ഈ ആവശ്യം ഗവൺമെന്റ് പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കയറിനും കയർ ഉൽപ്പന്നങ്ങൾക്കും കേരളത്തിൽ വിൽപ്പന നികുതി ഈടാക്കുന്നില്ല. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ ടാക്സ് ഏകീകരണത്തോടെ പല സംസ്ഥാനങ്ങളിലും കയറിനും കയർ ഉൽപ്പന്നങ്ങൾക്കു ഏർപ്പെടുത്തിയിരുന്ന നാലുശതമാനം ടാക്സ് 8 ശതമാനവും 12 ശതമാനവുമായിട്ട് ഉയർത്തിയിരിക്കുകയാണ്. വിപണന രംഗത്ത് ഏറെ ബുദ്ധിമുട്ടുള്ള ഈയവസരത്തിൽ ടാക്സ് വർദ്ധനവ് കൂടിയായാൽ കയർ വ്യവസായത്തിന് പിടിച്ച് നിൽക്കാൻ ആവുകയില്ല. കേരളത്തിലെ ലക്ഷക്കണക്കിന് ആളുകളുടെ ഉജീവനമാർഗ്ഗമായ ഈ വ്യവസായ ഉൽപ്പന്നങ്ങളുടെ മേൽ നികുതി വർദ്ധിപ്പിക്കരുതെന്ന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകണമെന്ന് കൂടി അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കയറിന് കേരളത്തിൽ നികുതിയില്ല. കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന പുതിയ നികുതി ക്രമം അനുസരിച്ച് കയറിന് ഈ സംസ്ഥാനത്ത് പുതിയതായി യാതൊരു നികുതിയും ഏർപ്പെടുത്തിയിട്ടില്ല. എസ്.ആർ.ഒ. നമ്പർ 1091/99 ഡേറ്റഡ് 31.12.99 പ്രകാരം കൈത്തറി നെയ്ത്തുകാരും കൈത്തറി നെയ്ത്തു സഹകരണസംഘങ്ങളും വാങ്ങുന്ന പരുത്തി നൂലിന്റെ നികുതി 2 ശതമാനവും കുഴിനൂലിന്റെ (hank yarn) നികുതി ഒരു ശതമാനവുമായിട്ട് കുറച്ചിട്ടുണ്ട്. കൈത്തറി നെയ്ത്തുകാർക്കും കൈത്തറി സഹകരണസംഘങ്ങൾക്കും അവരുടെ അംഗങ്ങൾക്ക് വിൽക്കുന്ന നൂലിനെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതിനു പുറമെ കൈത്തറി ഉൽപ്പന്നങ്ങൾ പൂർണ്ണമായും നികുതി മുക്തവുമാണ്. കയർ, കൈത്തറി എന്നീ വ്യവസായങ്ങൾക്കു വേണ്ടി വാങ്ങുന്ന ചായം, രാസവസ്തുക്കൾ ഡൈസ് ആന്റ് കെമിക്കൽസ് എന്നിവയെയും വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൈത്തറി കയർ മേഖലയിൽ കേന്ദ്രത്തിൽ നിന്നുള്ള നികുതി സൗജന്യങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും അവ്യക്തത നിലനിൽക്കുന്നുവെങ്കിൽ പുതിയ കമേഴ്സ്യൽ ടാക്സ് കമ്മീഷണറേറ്റ് രൂപീകരിച്ച നികുതിപരാതി പരിഹാര സെല്ലിനു മുന്നിൽ വച്ച് പരിഹാരം തേടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly